# വെളിപ്പാട്പുസ്തകം ഒരു പഠനം - ഭാഗം 6

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".



Pr. M.V. Simon B.Th, M.Div, M.A 'M.Th'

## കുഞ്ഞാട് മുദ്രകൾ പൊട്ടിക്കുന്നു

കർത്താവിന്റെ വരവിൽ കൈവിടപ്പെട്ട ജനത്തെയും യിസ്രായേലിനെയും ന്യായംവിധിക്കേണ്ടത് ദൈവനീതിയാണ്(യോഹ.5:22). 7 മുദ്രയാലുള്ള ന്യായവിധി, 7 കാഹളങ്ങൾകൊണ്ടുള്ള ന്യായവിധി, 7 ക്രോധകലശങ്ങൾകൊണ്ടുള്ള ന്യായവിധി, ഇവ മഹോപദ്രവ കാലത്തെ പ്രത്യേകതകളാണ്.

*ഒന്നാംമുദ്ര* (താത്ക്കാലിക സമാധാനം)

മുദ്ര പൊട്ടിക്കുന്നത് അതിനുയോഗ്യനായകുഞ്ഞാട് മാത്രമാണ്. പ്രാരംഭ നാലു മുദ്രകൾ പൊട്ടുമ്പോഴും ഭൂമിയിലെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ കാണുവാൻ നാലുജീവികൾ യോഹന്നാനെക്ഷണിക്കുന്നു. സെഖര്യാ പ്രവചനം 6:1…8 വരെ ഈദർശനത്തിന്റെ അടിസ്ഥാനമാണ്. ഇടിമുഴക്കം ദൈവസാന്നിധ്യത്തെ വെളിപ്പെടുത്തുന്നു (പുറ.19:6; അപ്പോ.2:2).

*വെള്ളക്കുതിര*

എതിർക്രിസ്തു ഭൂമിയിൽഅധികാരംഏറ്റെടുക്കുന്നു. വെളിപ്പാടുപുസ്തകം ആറാംഅധ്യായത്തിൽകാണുന്ന വെള്ളക്കുതിരയും പത്തൊൻപതാം അധ്യായത്തിൽകാണുന്ന വെള്ളക്കുതിരയും തമ്മിൽ യാതൊരുപൊരുത്തവുമില്ല രണ്ടും രണ്ടാണ്.ആറാംഅധ്യായത്തിൽ കാണുന്ന വെള്ളക്കുതിരപ്പുറത്തിരിക്കുന്നത് എതിർക്രിസ്തുവാണ്.എന്നാൽപത്തൊൻപതാം അധ്യായത്തിൽ കാണുന്ന വെള്ളക്കുതിരപ്പുറത്തിരിക്കുന്നത് ക്രിസ്തുവാണ്(19:11).

വ്യത്യാസങ്ങൾ ശ്രദ്ധിക്കുക

| ആറാംഅധ്യായത്തിൽ വെള്ളക്കുതിരപ്പുറത്തിരിക്കുന്നത് എതിർക്രിസ്തു | പത്തൊൻപതാം അധ്യായത്തിൽ വെള്ളക്കുതിരപ്പുറത്തിരിക്കുന്നത് ക്രിസ്തു |
|---|---|
| • കുഞ്ഞാട് ഒരുവശത്ത് മുദ്രപൊട്ടിക്കുമ്പോൾവെള്ളക്കുതിരപ്പുറത്ത് എതിർക്രിസ്തു പ്രത്യക്ഷപ്പെടുന്നു, ഇവിടെകുതിരയുടെനിറം വെള്ളയായിരിക്കുന്നത് എതിർക്രിസ്തുകൊണ്ടുവരുന്ന താത്ക്കാലിക സമാധാനത്തെകാണിക്കുന്നു. യേശുസമാധാനപ്രഭുവാണ് (യോഹ.14:27).<br>• വില്ല്കൈയ്യിലുണ്ട് എന്നാൽ അമ്പില്ല, രക്തച്ചൊരിച്ചിലില്ലാതെവശീകരണവാക്കുകളാൽജനത്തെസ്വാധീനിക്കുന്നു. | • സ്വർഗ്ഗത്തിൽനിന്നും പ്രത്യക്ഷപ്പെടുന്നു<br>• വിശ്വസ്തനുംസത്യവാനുമെന്ന്പേർ<br>• നീതിയോടെവിധിക്കുകയുംപോരാടുകയുംചെയ്യുന്നു<br>• കണ്ണ്അഗ്നിജ്വാല<br>• തലയിൽഅനേകംരാജമുടികൾ<br>• രക്തംതളിച്ചഉടുപ്പ്ധരിച്ചിരിക്കുന്നു<br>• ദൈവവചനമെന്ന്പേർ |

| | |
|---|---|
| • കിരീടം ലഭിക്കുന്നു, കിരീടം ഇല്ലാതെ വന്ന് കിരീടംലഭിക്കുന്നു, ഇത് ഭരണ ത്തെകാണിക്കുന്നു. യേശു ജനനത്ത ിൽത്തന്നെ രാജാവാണ്. ലോകം അവ ന്മുൾക്കിരീടം കൊടുത്തുവെങ്കിലും പൊൻകിരീട ധാരിയായി യേശുഭൂമ ിയെഭരിപ്പാൻപോകുന്നു.<br>• ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു, യേശു ഭൂമിയിൽവന്ന് ജ യിക്കുവല്ല പകരം ജയിച്ചവനാണ് ന മ്മുടെ കർത്താവ് (യോഹ.16:33). | |

കർത്താവിന്റെ വരവിൽ രക്ഷിക്കപ്പെടാത്തവരുടെ ഈ ലോകത്തിലെ തകർച്ചയിൽ, എല്ലായിടവും താറുമാറായസ്ഥിതിക്ക് എതിർക്രിസ്തുതന്റെ വശീകരണത്താൽ ലോകത്തെ തന്റെ കുടക്കീഴിലാക്കാൻനോക്കും. ചിതറിക്കിടക്കുന്ന കൈവിടപ്പെട്ടുപോയ നാമധേയ ക്രൈസ്തവർ ഒന്നാകും. അതിന്റെ മുന്നോടിയാണ് വ്യത്യസ്ത ഉപദേശമുള്ള സംഘടനകൾഎക്യുമിനിക്കൽ പ്രസ്ഥാനം രൂപീകരിക്കുന്നത്(യോഹ.5:43). ഇന്ന് യേശുവിനെഅംഗീകരിക്കാത്ത ക്രൈസ്തവസമൂഹം എതിർക്രിസ്തുവുമായി ഉടമ്പടി ചെയ്യേണ്ടിവരും.
കൂടാതെ യിസ്രായേൽ ഒരു പുതിയ മശിഹായിക്ക് വേണ്ടി ഇപ്പോൾകാത്തിരിക്കുകയാണ്. അപ്പോൾ എതിർക്രിസ്തു തന്റെ വശീകരണത്താൽ രംഗത്തുവന്ന്പുതിയരാജ്യംസ്ഥാപിക്കാം എന്നുമോഹിപ്പിച്ച് യിസ്രായേലുമായി ഉടമ്പടിചെയ്യും(ദാനി.11:38).

*രണ്ടാം മുദ്ര* (യുദ്ധം)

*രണ്ടാം* മുദ്രപൊട്ടിക്കുമ്പോൾ ഒരുചുവന്നകുതിര പ്രത്യക്ഷപ്പെടുന്നു. ഇത് രക്തച്ചൊരിച്ചിലോടുകൂടിയയുദ്ധത്തെക്കാണിക്കുന്നു. എതിർ ക്രിസ്തുവിന്റെ നയപ്രഖ്യാപനത്തിൽ ലോകത്തിലെ ചിലരാജ്യങ്ങൾഎതിർപ്പ്പ്രകടിപ്പിക്കുംഅവരെയുദ്ധംചെയ്ത്തോൽപ്പിക്കും(മത്താ. 24:21). ചുവന്നകുതിരപ്പുറത്തിരിക്കുന്നവന്റെ കൈയ്യിൽ വാളുണ്ട്, സമാധാനം എടുത്തുകളവാൻ അധികാരംലഭിച്ചു. യേശുതരുന്ന സമാധാനം ലോകം തരുന്നതുപോലെയല്ല ലോകത്തിന് എടുക്കുവാനും പറ്റില്ല. ഭർത്താവ് നഷ്ടപ്പെട്ടതുകൊണ്ട് ഭാര്യനിലവിളിക്കുന്നു, മാതാപിതാക്കൾ നഷ്ടപ്പെട്ടതുകൊണ്ട് കുഞ്ഞുങ്ങൾ നിലവിളിക്കുന്നു, കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടതുകൊണ്ട് മാതാപിതാക്കൾ നിലവിളിക്കുന്നു, സഹോദരൻ നഷ്ടപ്പെട്ടതുകൊണ്ട് സഹോദരി നിലവിളിക്കുന്നു , ഈ സമയം ദൈവമക്കൾ സ്വർഗ്ഗത്തിൽ സന്തോഷിക്കുന്നസമയമാണ്.